# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2464 01.04.2013 - ൽ മറുപടിക്ക്

### കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. ആർ. സെൽവരാജ് | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ; | (എ) വേനൽക്കാല ജലശോഷണം കണക്കിലെടുത്ത്, കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ, അത് തരണം ചെയ്യുന്നതിനായി ധനലഭ്യതയ്ക്കനുസൃതമായി താഴെ പറയുന്ന നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.<br>1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം<br>2. കേടായ പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ<br>3. പമ്പ്സെറ്റുകൾ മാറ്റിവയ്ക്കുന്ന പണികൾ<br>4. വാട്ടർലൈനുകളിലുള്ള ലീക്കുകൾ മാറ്റുക<br>5. സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പ് ലൈനുകൾ നീട്ടുക.<br>6. തകരാറിലായ പൈപ്പുലൈനുകൾ മാറ്റുക<br>7. ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്കു വർദ്ധിപ്പിക്കുകയും സ്രോത സ്സുകളിലേയ്ക്ക് തിരിച്ചു വിടുകയും ചെയ്യുക.<br>8. കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്യുക.<br>9. പമ്പിംഗ് സമയം ക്രമീകരിച്ച് നിശ്ചിത സമയം കുടിവെള്ളം നല്കുക മുതലായവ.<br>10. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പിലാക്കുന്നതിലേയ്ക്കായി 23.01.2013-ലെ പ്രത്യേക മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 57 കോടി രൂപ കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുവദിച്ച് കൊണ്ട് ഉത്തരവായിട്ടുണ്ട്. |

(ബി) പ്രസ്തുത പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(ബി) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയിലൂടെ മുഴുവൻ ജനങ്ങൾക്കും ശുദ്ധജലം എത്തിക്കുക എന്നുള്ളതാണ് ലക്ഷ്യം. അതിന് വേണ്ടി കേടായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുകയും ആവശ്യത്തിന് പമ്പ്സെറ്റ് സ്ഥാപിക്കുകയും പമ്പുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി തീർത്തും കൂടാതെ സംസ്ഥാനത്തുടനീളം വിവിധ പദ്ധതികൾ ഏറ്റെടുത്തും ജല ദൗർലഭ്യം അനുഭവപ്പെടുന്ന സ്ഥലങ്ങളിലേയ്ക്ക് പൈപ്പുലൈൻ നീട്ടിയും ജല അതോറിറ്റിയുടെ വിവിധ കുടിവെള്ള പദ്ധതിയുടെ സ്രോതസ്സായി ഉപയോഗിക്കുന്ന കിണറുകളിലേയ്ക്ക് നീരൊഴുക്ക് കുറഞ്ഞു വരുന്നിടത്ത് ജലാഗമന ചാലുകൾ നിർമ്മിച്ചും ജൈക്ക, ജെ.എൻ.എൻ.യു.ആർ.എം., യു.ഐ.ഡി.എസ്.എസ്.എം.ടി തുടങ്ങിയ ബൃഹദ് പദ്ധതികളിലൂടെയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(സി) കേടായ ശുദ്ധജല വിതരണ പൈപ്പുകൾ അടിയന്തിരമായി മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ പ്രസ്തുത പദ്ധതികളിൽപ്പെടുത്തുമോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) കേടായ ശുദ്ധജലവിതരണക്കുഴലുകൾ മാറ്റി സ്ഥാപിക്കാനായി 2012-13-ൽ 112.83 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പണികൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. 2013-14 ബഡ്ജറ്റിൽ 90 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) വാട്ടർ അതോറിറ്റി മുഖേനയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത്.

(ഇ) ജല അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകൾക്ക് സമീപം ചെറുഡാമുകൾ നിർമ്മിക്കുന്ന പ്രവൃത്തികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുമോ ; വിശദാംശങ്ങൾ നൽകുമോ ?

(ഇ) നിലവിൽ ജല അതോറിറ്റിയുടെ പദ്ധതികളുടെ കുടിവെള്ളം എടുക്കുന്ന സ്ഥലങ്ങളിൽ ചെക്ക് ഡാമുകൾ അത്യാവശ്യമായ സ്ഥലത്ത് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായി ചർച്ച ചെയ്തും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലും മറ്റ് പദ്ധതികളിലുമായി ഏറ്റെടുത്ത് നടപ്പിലാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ